# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റവും, സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റവും - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/15832/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 18.11.2023

---

വായന:- 1.04.09.2019 ലെ ഈ കാര്യാലയത്തിലെ ഇജി3/9406/19/ഡിടിഇ നമ്പർ സർക്കുലർ
2.15.11.2023 ലെ ഈ കാര്യാലയത്തിലെ ഇഡി1/16383/23/ഡിടിഇ നമ്പർ ഉത്തരവ്
3.ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയിൽ 2023 വർഷത്തെ "സ്പാർക്ക്" പൊതു സ്ഥലംമാറ്റ റാങ്ക് പട്ടിക

**ഉത്തരവ്**

ഹെഡ് അക്കൌണ്ടൻറ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് വായന (2) ഉത്തരവിലൂടെ ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതിലൂടെ, ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയുടെ രണ്ട് ഒഴിവുകൾ വകുപ്പിൽ സംജാതമായിരുന്നു.

ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയുടെ പ്രസ്തുത ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി കൊണ്ട് സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക വായന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയിൽ നടപ്പ് വർഷത്തെ വായന (3) പൊതു സ്ഥലംമാറ്റ 'സ്പാർക്ക്" റാങ്ക് പട്ടിക പ്രകാരവും, ഒഴിവ് വന്നിരുന്ന മറ്റ് സ്ഥാപനത്തിൽ 'സ്പാർക്ക്" അപേക്ഷകരുടെ അഭാവത്തിൽ മാനുവലായി സമർപ്പിച്ച അപേക്ഷയും പരിഗണിച്ചു കൊണ്ട്, ടി തസ്തികയിലെ ജീവനക്കാർക്ക് ചുവടെ ചേർക്കും വിധം സ്ഥലംമാറ്റം ഇതിനാൽ അനുവദിക്കുന്നു.

**1.ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് - സ്ഥലംമാറ്റം**

| ക്രമ നം. | പേര്,തസ്തിക,<br>നിലവിലെ സ്ഥാപനം,പെൻ | സ്ഥലംമാറ്റം അനുവദിക്കുന്ന<br>സ്ഥാപനം |
|---|---|---|
| 1 | ശ്രീ.സുബൈർ.പി.എം<br>ഹെഡ് അക്കൌണ്ടൻറ്<br>സർക്കാർ പോളിടെക്നിക്ക്<br>കോളേജ്, വണ്ടിപ്പെരിയാർ<br>പെൻ - 400809<br>('സ്പാർക്ക്' ഓപ്ഷൻ പ്രകാരം) | സർക്കാർ പോളിടെക്നിക്ക്<br>കോളേജ്,നെടുങ്കണ്ടം<br>(ശ്രീ.ഷാജിമോൻ.കെ.എൻ - ന്<br>ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ്) |
| 2 | ശ്രീ.റോയ് വർഗ്ഗീസ്<br>സർക്കാർ പോളിടെക്നിക്ക്<br>കോളേജ്, മീനങ്ങാടി<br>പെൻ - 196962<br>(അപേക്ഷ പ്രകാരം) | സർക്കാർ പോളിടെക്നിക്ക്<br>കോളേജ്, വണ്ടിപ്പെരിയാർ<br>(ശ്രീ.സുബൈർ.പി.എം<br>സ്ഥലം മാറിയ ഒഴിവ്) |

ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയുടെ നിലവിലെ ഒഴിവുകളിലേക്ക് വായന (1) അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക്, 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ ഭാഗം II പൊതു ചട്ടം 28 (b) (ii) പ്രകാരം ₹ 39300 - 83000 വേതന നിരക്കിലുള്ള ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റവും, നിയമനവും ചുവടെ പ്രകാരം അനുവദിക്കുന്നു.

Draft #11 of File ED1/15832/23/DTE Approved by Senior Administrative Officer on 18-Nov-2023 03:05 PM - Page 1

Draft #11 of File ED1/15832/23/DTE Approved by Senior Administrative Officer on 18-Nov-2023 03:05 PM - Page 2

**2.ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് - ഉദ്യോഗകയറ്റം**

| ക്രമ നം. | സീനിയോറിറ്റി പട്ടികയിലെ ക്രമ നം. | പേര്,തസ്തിക, നിലവിലെ സ്ഥാപനം,പെൻ | ഉദ്യോഗകയറ്റം അനുവദിക്കുന്ന തസ്തികയും,സ്ഥാപനവും |
|---|---|---|---|
| 1 | 103 | ശ്രീ.ഗിരീശൻ.എ<br>സീനിയർ ക്ലാർക്ക്,<br>സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂൾ,ചിറ്റൂർ<br>പെൻ - 374310 | ഹെഡ് അക്കൌണ്ടൻറ്<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, മീനങ്ങാടി<br>(ശ്രീ.റോയ് വർഗ്ഗീസ് സ്ഥലംമാറിയ ഒഴിവ്) |
| 2 | 105 | ശ്രീമതി.ഷൈമി.പി.പി<br>സീനിയർ ക്ലാർക്ക്,<br>സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂൾ,വണ്ണപ്പുറം<br>പെൻ - 393521 | ഹെഡ് അക്കൌണ്ടൻറ്<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,ഇടുക്കി<br>(ശ്രീ.അൽസിഫ് ഖാൻ.എ - ക്ക ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ്) |

ഉദ്യോഗക്കയറ്റം സിദ്ധിച്ച ജീവനക്കാർ ഉദ്യോഗക്കയറ്റ തസ്തികയിലെ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിലെ ഒരു വർഷ സേവനം ടി തസ്തികയിലെ നിരീക്ഷണകാലയളവായി പൂർത്തിയാക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ ടി പട്ടികകളിലുൾപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിടുതൽ ചെയ്യേണ്ടതും, അവരുടെ വിടുതൽ - ചേരുംകാലം ഈ കാര്യാലയത്തിൽ ഡിഡിഎഫ്എസ് വഴി മാത്രം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ഡിടിഇ വെബ് സൈറ്റ് വഴി)
2.ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ (സ്ഥാപന മേധാവികൾ മുഖേന)

പകർപ്പ്
1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.ഐടി ഡിവിഷൻ,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
3.സൂപ്രണ്ട്,ജീവനക്കാര്യം (ജി), ഡിടിഇ (ഡിഡിഎഫ്എസ് വഴി)
4.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 18.11.2023
Reason: Approved

The document is digitally approved. Hence signature is not needed.